
SUKUMARAN

ജനറൽ പിക്ച്ചേഴ്സ്

# അച്ചാണി

രവി · വിൻസന്റ്

പ്രതാപ് റിലീസ്



# അച്ചാണി

— അഭിനയിക്കുന്നവർ —

പ്രേംനസീർ, സുധീർ, വിൻസൻറ്, കൊട്ടാരക്കര, അടൂർ ഭാസി, ബഹദൂർ, ശങ്കരാടി, ജോൺ വർഗ്ഗീസ്, ജെ. എ. ആർ. ആനന്ദ്, നന്ദിതാബോസ്, സുജാത, ശ്രീലത, മീന (ഗസ്റ്റ് ആർട്ടിസ്റ്റ്), യേശുദാസ് (ഗസ്റ്റ് ആർട്ടിസ്റ്റ്), മാസ്റ്റർ സത്യജിത്, മാസ്റ്റർ പ്രസാദ്, ബേബി വിജയ.

★

## — തിരശ്ശീലയ്ക്കു പിന്നിൽ —

| | | |
|---|---|---|
| അവതരണം | — | ജനറൽ പിക്ച്ചേഴ്സ് |
| മൂലകഥ | — | കാരക്കുടി നാരായണൻ |
| തിരക്കഥ, സംഭാഷണം | — | തോപ്പിൽ ഭാസി |
| ഗാനങ്ങൾ | — | പി. ഭാസ്കരൻ |
| സംഗീതം | — | ദേവരാജൻ |
| പിന്നണിഗായകർ | — | യേശുദാസ്, ജയചന്ദ്രൻ, സുശീല, മാധുരി |
| കലാസംവിധാനം | — | മോഹന |
| നൃത്തസംവിധാനം | — | ഇ. മാധവൻ |
| മേക്കപ്പ് | — | പത്മനാഭൻ |
| വസ്ത്രാലങ്കാരം | — | ഗണേശൻ |
| നിശ്ചലഛായാഗ്രഹണം | — | പി. ഡേവിഡ് |
| പ്രസിദ്ധീകരണം | — | എസ്. എ. നായർ |
| പ്രസ്സ് പബ്ലിസിററി | — | ജെ. രാജശേഖരൻനായർ |
| ചിത്രസംയോജനം | — | വെങ്കിട്ടരാമൻ |

ശബ്ദലേഖനം, ഗാനങ്ങൾ, പശ്ചാത്തലസംഗീതം: കണ്ണൻ (ഭരണി)

| | | |
|---|---|---|
| സംഭാഷണം | — | വി. സി. ശേഖർ (സത്യ,<br>മുകുന്ദൻ (മൂവീസർവീസസ്) |
| സ്റ്റുഡിയോ | — | സത്യ |
| ലാബറട്ടറി | — | വിജയ |
| വിതരണം | — | പ്രതാപ് ഫിലിംസ് (കൊല്ലം) |
| നിർമ്മാണനിർവ്വഹണം | — | എ. ഗോവിന്ദൻ |
| സഹസംവിധാനം | — | മേലാററൂർ രവിവർമ്മ<br>യതീന്ദ്രദാസ് |
| ഛായാഗ്രഹണം | — | വെങ്കിട്ട്, പ്രകാശ് |
| പ്രൊഡക്ഷൻ കൺട്രോളർ | — | ടി. എ. ശിവദാസ് |
| നിർമ്മാണം | — | രവി |
| സംവിധാനം | — | വിൻസൻറ് |

---

ജനറൽ പിക്ച്ചേഴ്സിൻെറ

**അടുത്ത പടം**

എം. ടി.-യുടെ

# വളർത്തുമൃഗങ്ങൾ

എം. ടി. — രവി — വിൻസൻറ്

# അച്ചാണി

## കഥാസാരം:

പണ്ടു പണ്ടു് ദേവാസുരയുദ്ധം നടന്ന കാലത്തു് ദശരഥമഹാരാജാവും ആ യുദ്ധത്തിൽ പങ്കെടുത്തു. യുദ്ധഭൂമിയിൽ രഥം വായുവേഗത്തിൽ പൊയ്ക്കൊണ്ടിരിക്കുമ്പോൾ രഥത്തിൻെറ അച്ചാണി ഒടിഞ്ഞുപോയി!

എന്നാണു് കഥ—

നിമിഷങ്ങൾക്കുള്ളിൽ ചക്രം തെറിക്കും—

രാജാവു് രഥത്തോടുകൂടി മറിയും—

ശത്രുക്കൾ കൊല്ലും—

ദേവന്മാർ തോല്ക്കും—

ഈ മഹാവിപത്തിൽനിന്നു രക്ഷനേടാൻ ആ രഥത്തിൽ ഉണ്ടായിരുന്ന കൈകേയി തൻെറ അണിവിരൽ അച്ചാണിയാക്കി ഉപയോഗിച്ചു് രഥത്തേയും, രാജാവിനേയും, ദേവന്മാരേയും രക്ഷിച്ചു!

ഇതാണു് അച്ചാണിക്കുള്ള പ്രാധാന്യം.

അച്ചാണിയെന്ന ഈ കഥയിൽ അച്ചാണിയുടെ സ്ഥാനം വഹിക്കുന്ന ഒരു കഥാപാത്രമുണ്ടു്. അയാളുടെ പേരു് വാസു (പ്രേംനസീർ)—

വാസുവിൻെറ കുടുംബത്തിൽ മൂന്നാളുകൾകൂടിയുണ്ടു്: ഭാര്യ സീത (നന്ദിതാബോസ്), അനിയത്തി ഉമ (സുജാത), അനുജൻ ഗോപി (വിൻസൻറു്)

നാലു തൂണിൽ ഉറച്ചുനിൽക്കുന്ന ഒരു വീടുപോലെ ആ വീട്ടു് ഭദ്രമായി നിലനിന്നു. വാസുവിനു് തയ്യൽക്കടയുണ്ടു്, അനുജനു് വർക്കുഷോപ്പിൽ ജോലി, അനുജത്തി സ്കൂൾടീച്ചർ. കുടുംബം ഭരിക്കാൻ ഭാര്യയും.

പിന്നെന്താ പോരേ?—

വാസുവിൻെറ കുടുംബത്തിൻെറ ഭദ്രതയ്ക്കും നിലനിൽപ്പിനും പ്രധാന കാരണം അയാളുടെ സ്വഭാവവിശേഷമാണു്.

കള്ളം പറയില്ല! കടംവാങ്ങുകയില്ല!! ഈ രണ്ടു സ്വഭാവവിശേഷങ്ങളും ആ നാട്ടിൽ പ്രശസ്തമാണു്.

ഈ കുടുംബത്തിലേയ്ക്കു് കാർമേഘങ്ങൾ കടന്നുവരികയായി. രാഘവൻ മുതലാളി (കൊട്ടാരക്കര) യുടെ മകൻ ബാബു (സുധീർ) ധൂർത്തനും നിത്യകാമുകനുമാണു്. അവൻ വാസുവിൻെറ അനുജത്തിയെ നോട്ടമിട്ടു.

ഹോട്ടലുടമ കൈമളുടെ (അടൂർ ഭാസി) മകൻ മണ്ടൻ അപ്പു (ബഹദൂർ) ബാബുവിനു് കൂട്ടുനിന്നു. പെണ്ണു് വലയിൽ വീണു. അപ്പു ഒരു പൊടിക്കൈ പ്രയോഗിച്ചു് ബാബുവിൻെറ അച്ഛനെക്കൊണ്ടു് പയ്യൻ പെണ്ണിനെ കല്യാണംകഴിക്കാൻ സമ്മതിപ്പിച്ചു.

മുതലാളി വാസുവിൻെറവീട്ടിൽ ആലോചനയ്ക്കുവന്നു. വാസുവിനു് മുതലാളിയുടെ മകൻ തയ്യൽക്കാരൻെറ പെങ്ങളെ കല്യാണംകഴിക്കുന്നതു് ഒരു നല്ല കാര്യമായി തോന്നിയില്ല. മുതലാളിയുടെ അഹങ്കാരവർത്തമാനംകൂടിയായപ്പോൾ വാസുവിനു് സഹിച്ചില്ല. കല്യാണാലോചന അലസിപ്പിരിഞ്ഞു. പക്ഷെ, ഈ സംഭവംകൊണ്ടു് മറെറാന്നാണു സംഭവിച്ചതു്. വാസു ജീവനുതുല്യം സ്നേഹിച്ചിരുന്ന സ്വന്തംഅനുജത്തി എതിർത്തു സംസാരിച്ചു—അവസാനം ഇറങ്ങി ബാബുവിൻെറ വീട്ടിലേയ്ക്കുപോയി. ഒരു തൂണു വീണു—!

ആപത്തു് കൂട്ടത്തോടെയാണല്ലോ വരിക. ഈ ഘട്ടത്തിൽ ഗോപിയുടെ ജോലി പോയിരുന്നു. വാസുവിന്റെ കട തീ വീണു നശിച്ചു. കുടുംബം പട്ടിണിയിലായി. വാസുവിനു് കടംകൊടുത്തു സഹായിക്കാനും, സംഭാവന കൊടുക്കാനും, പലരും മുന്നോട്ടു വന്നു—കൈമളുൾപ്പെടെ. വാസു തന്റെ ദൃഢവ്രതത്തിൽ ഉറച്ചുനിന്നു. അങ്ങനെയിരിക്കെ, മറ്റൊരു മുതലാളിയായ മേനോന്റെ (ശങ്കരാടി) ഭ്രാന്തനായ മകനെ ശുശ്രൂഷിക്കാനുള്ള ജോലി സീതയ്ക്കു കിട്ടി. ആ ഭ്രാന്തൻചെറുക്കൻ ഒരു പൂപ്പാത്രമെടുത്തെറിഞ്ഞതു് സീതയുടെ വയററിൽ കൊണ്ടു. അവളുടെ ഗർഭം അലസിപ്പോയി. മകന്റെ ഭ്രാന്തുമാറിയ സന്തോഷത്തിൽ നല്ലവനായ മേനോൻ വാസുവിനു് പതിനായിരം രൂപ സമ്മാനം നല്കാൻ തീരുമാനിച്ചതു് "അനർഹമായ പണം" എന്ന നിലയിൽ വാസു ഉപേക്ഷിച്ചു.

രോഗിയായ സ്വന്തം അനുജനെ ആശുപത്രിയിൽ കൊണ്ടുപോകാൻ സ്വന്തം രക്തം രക്തബാങ്കിൽ കൊടുക്കേണ്ട പതനത്തിൽവരെ എത്തി വാസു. എന്നിട്ടും, അനുജനെ രക്ഷിക്കാൻ കഴിഞ്ഞില്ല. ഗോപി മരിച്ചു!! —
ഒരു തുണുകൂടി വീണു—!

അങ്ങനെ തകർച്ചയുടെ നെല്ലിപ്പലകയിൽ വാസു എത്തിയപ്പോഴാണു് സഹോദരിയുടെ ഭർത്താവിന്റേയും അച്ഛന്റേയും സകല സ്വത്തുക്കളും നശിക്കുന്ന ഒരു സ്ഥിതി വന്നതു്. എന്നാൽ, 'കടം വാങ്ങിക്കില്ല', 'കള്ളം പറയുകയില്ല' എന്ന നിഷ്ഠകളിൽ ഉറച്ചുനിന്ന വാസു ഒരു പ്രതിസന്ധിയിൽ എത്തി—തന്നെ ആശ്രയിച്ചവരെ രക്ഷിക്കേണമോ?—കൈവിടേണമോ?—

സംഭവബഹുലമായ ഈ കഥയുടെ പര്യവസാനം വെള്ളിത്തിരയിൽ—

## ഗാനം—ഒന്ന്

രചന: പി. ഭാസ്കരൻ. സംഗീതം: ദേവരാജൻ. പാടിയത്: മാധുരി.

നീലനീല സമുദ്രത്തിന്നക്കരെയായി
നീലക്കാടുകൾ പൂവിരിച്ച താഴ്വരയൊന്നിൽ
വാകപൂത്തു മണംചിന്നും വള്ളിമലർക്കാവിലൊരു
വാനമ്പാടിയാരെയോ കാത്തിരുന്നു പണ്ടു കാത്തിരുന്നു (നീലനീല)
വർണ്ണശബളമായ തൻെറ തേരിലൊരുനാളിൽ

വന്യഭൂവിൽ മധുമാസമണഞ്ഞനേരം
സ്വപ്നസുന്ദരപഞ്ജരത്തിൽ വിരുന്നുവന്നു
ഒരു സ്വർഗ്ഗവാതിൽ പക്ഷിയാകും കൂട്ടുകാരി
കൂട്ടുകാരി........ (നീലനീല)

പന്തലിട്ടുവെൺമുകിലും മാരിവില്ലും
സുന്ദരിമാർ കാട്ടുപൂക്കൾ വിളക്കുവെച്ചു
വധുവിനേയും വരനേയും വരവേൽക്കുവാൻ
ചുററും വനചിത്രശലഭങ്ങൾ കുരവയിട്ടു
കുരവയിട്ടു .................. (നീലനീല)

## ഗാനം—രണ്ട്

**രചന:** പി. ഭാസ്കരൻ. **സംഗീതം:** ദേവരാജൻ. **പാടിയതു്:** സുശീല.

മുഴുതിങ്കൾ മണിവിളക്കണഞ്ഞു
ക്ഷമയെന്റെ ഹൃദയത്തിലൊഴിഞ്ഞു
കാററുവന്നു, കതകടച്ചു,
കനകതാരകമൊന്നു ചിരിച്ചു (മുഴുതിങ്കൾ)

മദനൻ സിന്ദൂരരേഖയാലെ – ഇന്നു
മധുവിധുരാത്രിയാണെന്നെഴുതിവെച്ചു
തുടുത്തുതുടുത്തുവരും കവിളിൽ, ഗാനം
തുളുമ്പിത്തുളുമ്പിവരും ചുണ്ടിൽ (മുഴുതിങ്കൾ)

പുളകത്തിൻ മന്ദാരമലരാലേ–എന്റെ
പൂമേനിമൂടുവാനെഴുന്നെള്ളുമോ?
പുളകത്തിൻ മന്ദാരമലരാലേ–എന്റെ
പൂമേനിമൂടുവാനെഴുന്നെള്ളുമോ–
മാറത്തെലാളനക്ഷതത്താൽ–ഒരു
പൂത്താലിയണിയിക്കാൻ വരുമോ? (മുഴുതിങ്കൾ)

## ഗാനം—മൂന്നു്

രചന: പി. ഭാസ്കരൻ. സംഗീതം: ദേവരാജൻ. പാടിയതു്: യേശുദാസ്.

എന്റെ സ്വപ്നത്തിൻ താമരപ്പൊയ്കയിൽ
വന്നിറങ്ങിയ രൂപവതി
നീലത്താമര മിഴികൾതുറന്നു
നിന്നെ നോക്കിനിന്നു ചൈത്രം
നിന്റെ നീരാട്ടു കണ്ടുനിന്നു (എന്റെ......)

എന്റെ ഭാവനാരസലവനത്തിൽ
വന്നുചേർന്നൊരു വനമോഹിനി
വർണ്ണസുന്ദരമാം താലങ്ങളേന്തി
വന്യപുഷ്പജാലം നിരയായ്നിന്നെ
വരവേൽക്കുവാനായ് ഒരുങ്ങിനിന്നു
ആ........ആ........ആ........ആ
ആ........ആ........ആ........ആ
ആ........ആ........ആ........ആ
ആ........ആ........ആ........ആ (എന്റെ)

പ്രേമചിന്തതൻ ദേവനന്ദനത്തിലെ
പൂമരങ്ങൾ പൂത്തരാവിൽ

നിൻെറനർത്തനം കാണാനൊരുങ്ങി
നിന്നെകാത്തുനിന്നു, ചാരെ–
നീലാകാശവും താരകളും–
ആ.........ആ.........ആ.........ആ
ആ.........ആ.........ആ.........ആ
ആ.........ആ.........ആ.........ആ
ആ.........ആ.........ആ.........ആ (എൻെറ.........)

●

ഗാനം—നാല്

രചന: പി. ഭാസ്കരൻ. സംഗീതം: ദേവരാജൻ
പാടിയതു്: ജയചന്ദ്രൻ & മാധുരി.

മല്ലികാബാണൻ തൻെറ വില്ലെടുത്തു
മന്ദാരമലർകൊണ്ടു ശരംതൊടുത്തു
മാറിലോ
എൻെറ മനസ്സിലോ
മധുരമധുരമൊരു വേദന
മദകരമായൊരു വേദന

മല്ലികാബാണൻ തന്റെ വില്ലെടുത്തു
മന്ദാരമലർകൊണ്ടു ശരംതൊടുത്തു ... ..... ...
അകലെയകലെയായ് സൗന്ദര്യത്തിൻ
അളകനന്ദയുടെ തീരത്ത്
തങ്കക്കിനാപ്പുകൾ താലമെടുക്കും
താരുണ്യസങ്കല്പ മദിരോത്സവം
പ്രേമഗാനംതുളുമ്പുന്ന കാവ്യോത്സവം
ആ... ... ആ ....
ആ... ... ആ... ...
ആ... ... ആ.... ...
ആ... ... ആ... ... (മല്ലികാബാണൻ)
ഹൃദയസഖീ നിൻജീവിതമൊരുക്കും
മധുവിധുരജനിതൻ മാറത്ത്
കല്പനാലക്ഷങ്ങൾ പൂമാരിചൊരിയും
രാഗാനുഭൂതിതൻ വസന്തോത്സവം
പ്രേമഗാനം തുളുമ്പുന്ന കാവ്യോത്സവം
ആ... ... ആ... ...
ആ... ... ആ... ...
ആ... ... ആ... ...
ആ... ... ആ... ... (മല്ലികാബാണൻ)


## ഗാനം—അഞ്ച്

രചന: പി. ഭാസ്കരൻ. സംഗീതം: ദേവരാജൻ. പാടിയത്: സുശീല.

സമയമാംനദി പുറകോട്ടൊഴുകി
സ്വർണതൻ പൂവണിത്താഴ്‌വരയിൽ
സംഭവമലരുകൾ വിരിഞ്ഞുവീണ്ടും
വിരിഞ്ഞുവീണ്ടും. (സമയമാം......)

സ്വർഗ്ഗകവാടം വിട്ടിറങ്ങിവന്നു–നിന്റെ
സ്വന്തംമകനെ തേടിത്തേടി
ജനനീ നിന്റെ ജനനീ
ജനിതസ്നേഹത്തിൻ മായാതരംഗിണി
തരംഗിണി (സമയമാം......)

അമ്മവന്നമ്മവെച്ചെട്ടത്തുനിന്നെ
വീണ്ടും, അത്ഭുതനാഗത്തിൻ കഥപറഞ്ഞു.
കിടത്തി, മാറിൽ കിടത്തി
നറുതേൻവാണിയാൽ താരാട്ടുപാടി
പാടി......... (സമയമാം......)



ജനയുഗം പ്രസ്സ്, കൊല്ലം.